## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3130** — **03.04.2013-ൽ മറുപടിക്ക്**

## കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.ജി.സുധാകരൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിൻ കീഴിലുള്ള കൃഷിത്തോട്ടങ്ങളുടെ പ്രവർത്തനം കൃഷിക്കാർക്ക് എത്രമാത്രം പ്രയോജന കരമാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; അവയുടെ നിക്ഷേപ പ്രയോജന വിശകലനം വെളിപ്പെടുത്താമോ; | എ) ഉണ്ട്. നിക്ഷേപ പ്രയോജന വിശകലനം ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് ഓരോ വർഷവും ഫണ്ടുകൾ അലോട്ട് ചെയ്യുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കർഷകർക്ക് വിവിധ പദ്ധതികൾക്കായി ആവശ്യമായി വരുന്ന നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിന് ഓരോ ഫാമിനും നടീൽ വസ്തുക്കളുടെ ഉല്പാദന ലക്ഷ്യം മുൻകൂറായി നൽകി, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കി, കാർഷിക വിളകളുടെ ഉല്പാദനക്ഷമതയും, ഉല്പാദനവും വർദ്ധിപ്പിക്കുന്നു. |
| ബി) സംസ്ഥാനത്തെ കൃഷിത്തോട്ടങ്ങളുടെ സാധ്യതകളും ഉപയോഗവും വിശദമാക്കാമോ; | ബി) കൃഷിക്കാർക്ക് അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും, നടീൽ വസ്തുക്കളും ഉല്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം നടത്തുക എന്നുള്ളതാണ് ഫാമിന്റെ പരമ പ്രധാനമായ ലക്ഷ്യം. കൂടാതെ വിവിധയിനം കൃഷി രീതികൾ കർഷകർക്ക് നേരിട്ട് മനസ്സിലാക്കുന്നതിനുള്ള സൗകര്യം ഫാമിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| സി) നിലവിലുള്ള തോട്ടങ്ങൾ ഓരോന്നിന്റെയും സാധ്യതയുടെ എത്ര ശതമാനം ഭൗതിക നേട്ടം ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ; | സി) നിലവിലുള്ള ഫാമുകളിലെ കൃഷിക്ക് ഉപയുക്തമായ ഭൂമിയുടെ 75% ന് മുകളിൽ നിലവിൽ കൃഷിക്ക് ഉപയുക്തമാക്കി വരുന്നു ബാക്കി ഭൂമി ഉപയുക്തമാക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നു. |
| ഡി) ഓരോ പ്രദേശത്തേയും കർഷകർക്ക് ആവശ്യമായ നടീൽ വസ്തുക്കൾ ലഭ്യമാക്കാൻ സാധ്യമാകുന്നുണ്ടോ? | ഡി) ഉണ്ട്. സംസ്ഥാനത്ത് ആകെ 64 ഫാമുകൾ ആണ് പ്രവർത്തിച്ചു വരുന്നത്. ഇതിൽ 13 എണ്ണം കൃഷി വകുപ്പിന്റെ നേരിട്ടുള്ള മേൽ നോട്ടത്തിലും, ബാക്കി 51 എണ്ണം ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്തൊട്ടാകെ കാർഷിക പദ്ധതികളുടെ നടത്തിപ്പിന് ആവശ്യമായി വേണ്ടി വരുന്ന ഭൂരിഭാഗം നടീൽ വസ്തുക്കളും ഈ ഫാമുകൾ മുഖേനയാണ് വിതരണം ചെയ്തു വരുന്നത്. |

**സെക്ഷൻ ഓഫീസർ**